ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എസിഡി എസ്.പി.സി(2)/101262/18/എച്ച്.എസ്.ഇ തീയതി : 06/02/2018**

## <u>സർക്കുലർ</u>

**വിഷയം**:- ഹ.സെ.വി.- നിരന്തരമൂല്യനിർണ്ണയ ക്ലസ്റ്റർ മീറ്റിംങ് - ചെലവിനങ്ങളിലെ ബില്ല് സമർപ്പിക്കുന്നതു സംബന്ധിച്ച്.

**സൂചന**:- 27/01/2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

2018 ജനുവരി 27 ന് നടന്ന നിരന്തര മൂല്യനിർണ്ണയ ക്ലസ്റ്റർ യോഗങ്ങളിലെ ചെലവ് വിശദാംശങ്ങൾ 05/02/2018 തീയതിയ്ക്കകം നൽകണമെന്ന് സൂചന സർക്കുലറിൽ അറിയിപ്പ് നൽകിയിരുന്നതാണ്. ബില്ലുകൾ ഇതിനകം സമർപ്പിക്കാത്ത പരിശീലനകേന്ദ്രങ്ങൾ സൂചന സർക്കുലറിൽ പ്രതിപാദിച്ചിരുന്ന ഫോർമാറ്റിൽ ചെലവ് വിശദാംശങ്ങൾ സഹിതം 10/02/2018 തീയതിയ്ക്കകം ലഭ്യമാക്കേണ്ടതാണ്. (അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമായിട്ടില്ലായെന്ന കാരണത്താൽ ബില്ലുകളുടെ സമർപ്പണം വൈകിക്കേണ്ടതില്ല. ഈ വിശദാംശങ്ങൾ ട്രഷറിയിൽ ബില്ല് സമർപ്പിക്കുന്നതിനോടൊപ്പം ഹാജരാക്കിയാൽ മതിയാകും). 24/01/2018, 25/01/2018 തീയതികളിലെ ജില്ലാതല യോഗങ്ങളിലെ ചെലവ് വിശദാംശങ്ങളും അതാത് ജില്ലാപരിശീലനകേന്ദ്രങ്ങളിൽ നിന്നും 10/02/2018 തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

ബില്ലു സമർപ്പണം വൈകുന്നത് ഫണ്ട് ലാപ്സിന് കാരണമാകുമെന്നതിനാൽ, 10/02/2018 തീയതിയ്ക്കകം ബില്ലുകൾ സമർപ്പിക്കുന്നതിന് എല്ലാ പരിശീലന കേന്ദ്രങ്ങളിലേയും പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**